LIBRARY ARCHIVES Kerala Legislative Assembly

മത്സ്യക്ഷാമം

77(5662) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലാവസ്ഥ വ്യതിയാനംമൂലം കേരളത്തിന്റെ തീരപ്രദേശത്ത് മത്സ്യക്ഷാമം അനുഭവപ്പെടുന്നുണ്ടോ ; എങ്കിൽ ഇപ്പോൾ അപൂർവ്വമായെങ്കിലും തീരപ്രദേശത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യയിനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ഉണ്ട്. സ്രാവ്, തിരണ്ടി, മത്തി, ചാള, നെത്തോലി, വാള, തേട്, ശീലാവ്, തിരുത, കോര, അയല, പാര, പരവ, വങ്കട, കാര, ചെമ്പല്ലി, കിളിമീൻ, ചൂര, നെയ്മീൻ, ഈൽ, ആവോലി, മാന്തൾ, മുരൾ, കണവ, ചെമ്മീൻ, ഞണ്ട്, ചിപ്പി മുതലായവ ലഭിക്കുന്നുണ്ട്.

മത്സ്യകർഷക വികസന ഏജൻസി

78(5663) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച മത്സ്യകർഷക വികസന ഏജൻസിയിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നതിനാൽ പ്രവർത്തനത്തിൽ പിന്നോക്കം പോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ പ്രസ്തുത പദ്ധതിക്ക് അനുവദിച്ച സ്ഥിരം തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യകർഷക വികസന ഏജൻസിയിൽ ഡെപ്യൂട്ടേഷൻ പോസ്റ്റുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ഥിരം തസ്തിക അനുവദിച്ചിട്ടില്ല. നിലവിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷർമാൻ കം വാച്ച്മാൻ എന്നീ ജീവനക്കാരുടെ സേവനം ഉപയോഗിച്ചാണ് മത്സ്യകർഷക വികസന ഏജൻസിയുടെ പ്രവർത്തനം നടത്തിവരുന്നത്.

(സി) പരിഗണനയിലില്ല.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

79(5664) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ തുറമുഖ/ മത്സ്യബന്ധന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലത്തെ സ്ഥിതി എന്ത് ; വ്യക്തമാക്കുമോ ;

(ഡി) ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ ; വ്യക്തമാക്കുമോ ;

(ഇ) നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഏതൊക്കെ കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയത് :

2011-12 സാമ്പത്തിക വർഷത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 103.74 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് കെ.എസ്.സി.എ.ഡി.സി. മുഖേന സ്ഥാപിക്കുന്നതിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ നാളിതുവരെ അനുയോജ്യമായ സ്ഥലം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭ്യമാകാത്തതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതുകൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ

LIBRARY ARCHIVES Kerala Legislative Assembly